
# St.Thomas UPS Thuruthur

# Academic Master Plan 2025-26



The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആകുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

* സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

ജനവരി

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

* ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
* വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

## ക്ലാസ്സ് - 1
## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരിക വുമായ നേട്ടങ്ങൾകൂടി കൈവരിക്കാനവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമുടുന്നത്. ഈ വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ള തുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

### ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക
3. ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവു നേടുക.
4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക
5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക

### പ്രവർത്തനപദ്ധതി

| |
|---|
| ലക്ഷ്യം 1 ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക |

ജൂൺ

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു
- രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം

ജൂലൈ

- ടീച്ചർ പുസ്തകങ്ങൾ(കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന- രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (ചൂണ്ടിവായന)
- കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു
- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു
- കഥശില്പശാല
- ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല
- ഡിജിറ്റൽ സാധ്യതകളിലൂന്നി കഥകാണാനും കേൾക്കാനും, പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ

ആഗസ്റ്റ് .

- തീയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ
- കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം

സെപ്റ്റംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)
- ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ
- ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ.
- കൂട്ടുവായന- കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

ഒക്ടോബർ -

- ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ

നവംബർ-

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
- കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം
- നാട്ടുവായന- കുട്ടികൾ നിർമിച്ച കഥകൾ അവർതന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

ജനുവരി

- ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

ഫെബ്രുവരി -

- ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
- കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

മാർച്ച്

- ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.
- നവ മാധ്യമങ്ങളിൽ പങ്കിടുന്നു ( നാട്ടുവായന)

എല്ലാ മാസവും

- ഭാഷാ പരിയഡുകളിൽ തത്സമയ നിർമിത കഥകൾ വായിക്കൽ.
- ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നതിനാവശ്യമായ വായനകാർഡു കളുടെ വിതരണം
- ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു

ലക്ഷ്യം രണ്ട്- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക

- ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ
- എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ ( ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്ന ലളിത പാഠങ്ങൾ)
- ഡയറി എഴുത്ത് ( സഹായത്തോടെ), കഥ പൂരിപ്പിക്കൽ
- കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ
- കുഞ്ഞെഴുത്ത് -കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ
- വീഡിയോപാഠങ്ങൾ- ലഘുവീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ നിർമിക്കൽ ( ആദ്യം അറിയാവുന്ന രീതിയിൽ കുട്ടി എഴുതുന്നു, പിന്നെ ടീച്ചറെഴുത്തുനോക്കി മെച്ചപ്പെടുത്തി എഴുതുന്നു)

**ലക്ഷ്യങ്ങൾ**

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

**പ്രവർത്തനപദ്ധതി**

**ജൂൺ** - ടീച്ചറും രക്ഷിതാക്കളും പറഞ്ഞു കേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു ( രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം)

**ജൂലൈ** - ടീച്ചറും രക്ഷിതാക്കളും പുസ്തകങ്ങൾ(കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

**ആഗസ്റ്റ്**

1. *പതാക നിർമ്മാണം
2. *സ്വാതന്ത്ര്യ ദിന ഗീതങ്ങൾ അവതരിപ്പിക്കും
3. *ഫാൻസി ഡ്രസ്സ്

**സെപ്റ്റംബർ**

1. *ചിത്ര വായന
2. *ചിത്ര കാർഡുകൾ രക്ഷിതാക്കളു[ടെ] സഹായത്തോടെ തയ്യാറാക്കുന്നു

## ഒക്ടോബർ

1. *അക്ഷര പാട്ടുകളിൽ നിന്ന് കണ്ടെത്തിയ
2. *അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു പുതിയ പദങ്ങൾ ഉണ്ടാക്കുന്നു
3. * വായന കാർഡുകൾ സഹായത്തോടെ വായിക്കുന്നു
4. *വേദികളിൽ സ്വതന്ത്രമായി കഥ കവിത ആംഗ്യപാട്ട് അവതരിപ്പിക്കുന്നു

## നവംബർ

1. *അക്ഷര കാർഡുകളിൽ നിന്ന് പദനിർമ്മാണം
2. * ചിത്ര കാർഡുകളിൽ നിന്ന് പദനിർമ്മാണം

## ജനുവരി

1. * ലഘു വാക്യങ്ങൾ എഴുതിയ ചിത്ര കാർഡുകൾ പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു
2. * യോജിപ്പിക്കാം ചിത്രങ്ങളും അതിനനുയോജ്യമായ വാക്യങ്ങളും പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് വായിക്കാനുള്ള അവസരം നൽകുന്നു ... ം കാർഡ് ടീച്ചർ കട്ട് ചെയ്ത് യോജിപ്പിക്കാനു

## ഫെബ്രുവരി

1. *കുട്ടികൾക്ക് ഇഷ്ടമുള്ള വസ്തുക്കളെ കുറിച്ച് പറയാൻ അവസരം നൽകുന്നു
2. * ഏറ്റവും ഇഷ്ടമുള്ള ഒരു വസ്തുവിനെ കുറിച്ച് എഴുതുകയോ ചിത്രം വരയ്ക്കുക ചെയ്യട്ടെ
3. * എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു
4. * കുട്ടികൾ തയ്യാറാക്കിയ രചനകൾ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നു
5. * സി പി ടി എ മാഗസിൻ പ്രദർശനം നടത്തുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| ★ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക. പരിശീലന പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| ★ അക്ഷരങ്ങളും, ചിഹ്നങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് വാക്കുകൾ നിർമിക്കൽ | അക്ഷരക്കാർഡുകൾ ഉപയോഗിച്ചു കൊണ്ട് പുതിയ വാക്കുകൾ നിർമിച്ച് എഴുതൽ, വായിക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| ★ വാക്കുകൾ ചേർത്ത് അർത്ഥപൂർണമായ വാക്യങ്ങൾ സൃഷ്ടിക്കൽ | പാഠഭാഗത്തിൽ പരിചയപ്പെടുന്ന പുതിയ വാക്കുകൾ കൂട്ടിച്ചേർത്ത് അർത്ഥപൂർണമായ വാക്യങ്ങൾ നിർമിക്കുകയും അത് വേണ്ട സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ |
| ★ വാക്യങ്ങൾ ഉപയോഗിച്ച് ലഘു വിവരണം തയ്യാറാക്കൽ | വാക്യങ്ങളുടെ തുടർച്ച ഉറപ്പാക്കികൊണ്ട് ലഘു കുറിപ്പുകൾ തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ★ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | ചുറ്റുപാടുകൾ നിരീക്ഷിച്ച് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, നിത്യജീവിതത്തിൽ ആകൃതി, രൂപം എന്നിവയ്ക്കുള്ള സ്ഥാനം സ്വയം മനസിലാക്കൽ | June July. | Class teacher SRG |
| ★ രസകരമായ പ്രവർത്തനങ്ങളിലൂടെ സംഖ്യാബോധമുണ്ടാക്കൽ | സംഖ്യാകാർഡുകളും, മുത്തുകളും, ഡയസും ഉപയോഗിച്ച് സംഖ്യാബോധം വളർത്താൻ ഉള്ള പ്രവർത്തനങ്ങളിലേർപ്പെടൽ | June to August | Class teacher SRG. |
| ★ ഗണിത ശ്രേണികളുടെ പ്രകടനം. | സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകൾ, ക്രമീകരിക്കൽ, സംഖ്യാവ്യാഖ്യാനം, പാറ്റേൺ | Whole Year | SRG Class teacher |
| ★ സങ്കലനം, വ്യവകലനം എന്നി ശേഷികൾ നേടൽ | പാഠവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | September to March. | SRG Class teacher |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമത |
|---|---|---|---|
| ★ നിരീക്ഷണം, അറിവു നിർമാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | Clas teache SRG |
| ★ ശാസ്ത്രപഠനത്തിന് താൽപര്യം വളർത്തൽ | പരീക്ഷണങ്ങളിൽ ഏർപ്പെടൽ, പ്രവൃത്തി നടത്താം. | വർഷം മുഴുവൻ | SRG Class teache |
| ★ ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, വീഡിയോകൾ എന്നിവ നിരീക്ഷിക്കൽ | വർഷം മുഴുവൻ | SRG Class teach |
| ★ പ്രാദേശിക ഇടങ്ങൾ, തൊഴിലുകൾ എന്നിവ പരിചയപ്പെടൽ | ഫീൽഡ് ട്രിപ്പും, അഭിമുഖവും, സർവേയും സംഘടിപ്പിക്കൽ | ആവശ്യാനുസരണം | SRG Class PT |
| | | | |

# ENGLISH

| Aim | Activities | Time | Responsibility |
|---|---|---|---|
| * To develop listening skills | Give oppertunity to listen simple commands, simple stories, action songs, Riddles, game instructions etc. | June to December | Class teacher SRG |
| * To develop speaking skills | Encourage to participate in role-play, conversations | July to December | class teacher SRG |
| * To develop reading skills | Give chane to read simple reading cards, text book based stories, stories from kids magazines | June to December | Class teacher SRG. |
| * To develop writing skills | Find rhyming words, describing words TB activities. | Whole year | Class teacher SRG. |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

### ലക്ഷ്യങ്ങൾ

- സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ-മൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്.... മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
- ലളിതമായ ആശയങ്ങൾ, വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)
- കുട്ടികളുടെ സർഗാത്മക രചനകൾ പതിപ്പുകളാക്കി ക്ലാസുകളിൽ പ്രദർശിപ്പിക്കും

## ജൂൺ - ജൂലായ്

### 1. കനകച്ചിലങ്ക

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ള)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ - ശില്പശാല)
- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്
- കളിയിലെ കേമൻ - കഥാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം - ആൽബം
- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

## ആഗസ്റ്റ് / സെപ്തംബർ

### 2. പലഹാരപ്പെട്ടി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ

- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ , മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി.പി.ടി.എ ഒന്നാം മികവുത്സവം

നാടോടികഥകളുടെ അവതരണം

നാടൻ പാട്ടുകളുടെ അവതരണം

പാവനാടകം അവതരണം

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷി ചൊല്ലുകൾ അവതരണം
- കുട്ടികളികൾ - കുട്ടിക്കാലത്തെ കളിക്കോപ്പുകൾ, വിവരണം , പതിപ്പ്
- നാടൻപാട്ട് ശില്പശാല

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രി ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്ടീച്ചർ |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ്, ആനുകാലിക വായന റീഡേഴ്സ് തിയേറ്റർ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ CPTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ (സർഗ്ഗോത്സവം) | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. സർഗാത്മക ഡയറി കാവ്യോത്സവം. രചനാപരിചയക്കുറിപ്പ് | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ CPTA. |

# ENGLISH

| Aim | Activities | Time | Responsibility |
| --- | --- | --- | --- |
| develop listening skills & reading Skills | Pretest -> To check the vocabulary and writing skills of the pupils. Games, action Song, Hello English activities, conversations, Speech, riddles, and Self introductions. .... are the activities conducted Use ICT | June - July | classteacher SRG |
| Develop the creative Speaking and writing | newspaper reading library books reading.... find words, rhyming words, describing words, TB activities. Make word web picture description, make riddles and conversations, Add more lines | August - September | SRG Class-teacher CPTA |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി etc..) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | • ഗണിത ചുവർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| * പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ |
| ഗണിത ശേഖികളുടെ പ്രകാശനം | • ജ്യോമെട്രി<br>• പസിൽ<br>• പാറ്റേൺ<br>• പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അക്ഷരത്തട്ട് :- കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രശ്നങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ് :- അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളും ഉപയോഗിച്ച് Memory Test നടത്തുന്നു. | " | " | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual field Trip.<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | " | " | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്, ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് | | | |

| | | | | |
|---|---|---|---|---|
| | ജനാധിപത്യ രീതികളുടെ അടിസ്ഥാനവും മനസ്സിലാക്കുക. | | | |
| 4) പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം : നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA. |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നറുങ്ങുവെട്ടം:-<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | | | |
| 6) വിവരവിനിമയ സാങ്കേതിക | | | | |

| | | | |
|---|---|---|---|
| ക്ഷയെ കുറിച്ചും കുട്ടികൾക്ക് അവബോധം നൽകുന്നു. | ചിലന്തിവലയിൽ നിന്ന് രക്ഷപ്പെടാം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലിസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യ എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ : ? field Trip, survey<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ, എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | " | " |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് :-<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതുവാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേദികൾ ക്ലാസുകൾ [illegible] സംഘടിപ്പിക്കുന്നു. | " | " |

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷികളിൽ സ്വനം, ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **ഓർമ്മയിലെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടെ കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണവായന ഉറപ്പ് വരുത്തുക. | **വാർത്താ ലോകത്തേക്ക്**<br>പത്രം ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും ചിഹ്നങ്ങൾ ശ്രദ്ധിച്ച് ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു.<br>**വാർത്താ വായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | UP തലത്തിലെ പിന്നോക്ക കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ<br>• ഹിന്ദി വായന തെളിഞ്ഞ് കുട്ടികളെ വായിക്കുവാനുള്ള ശേഷം | • അക്ഷരം പരിചയപ്പെടുത്തൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷരചാർട്ട് പാഠപുസ്തകം | BRC<br>DIET<br>Resource teachers<br>Hindi teacher |
| 2. | വീട് ഒരു പരിശീലന ശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | September to october | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource teachers<br>Hindi teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും വികസിപ്പിക്കാനും ഉള്ള അവസരം<br>सुरीली हिंदी<br>ഹിന്ദി വായന, ഹിന്ദി സംസാരം | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്റ്റംബർ-14 ജനുവരി -10<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്ര | November to February | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT<br>Hindi teacher |

## Academic Master Plan
### Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളും ഉറപ്പ് വരുത്തുന്നു. | ഗണിത വർക്ക്ഷോപ്പ് കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടികൾ, മുത്തുകൾ, ഫ്ലാഷ് കാർഡ് ... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപിക. | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും അപഗ്രഥന ശേഷിയുടെ വികാസവും. | ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപിക. | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ക്ലബ്ബിലെ അംഗങ്ങളും. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കണ്ടറിയാനൊരു യാത്ര<br>വരണ്ടായ ദിച്ചണി തുറക്കുന്ന സസ്യങ്ങളെ കാണൽ, കാവു സന്ദർശനം കണ്ടൽ കാട് നിരീക്ഷണം, ചുറ്റും അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഇക്കോ ക്ലബ് | രക്ഷിതാക്കൾ |
| | പരീക്ഷണ കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ ആർജ്ജിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്. | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈൻഡ്<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അധ്യയന വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | സയൻസ് ഷോ - സയൻസ് ക്വിസ്<br>ആധുനിക ശാസ്ത്ര ലോകത്തിന് വിവിധ കണ്ടെത്തലുകൾ തുടങ്ങിയ പരിചയപ്പെടുത്തുന്ന സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ | സ്പോൺസർ ഷിപ്പ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പ്രയോഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | ആദരവ്<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | യുറീക്ക<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പ്രയോഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |